## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7514

14/07/2014-ൽ മറുപടിക്ക്

## കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിക്കാൻ മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ : | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിക്കാൻ നിലവിലുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) കുടുംബശ്രീ യൂണിറ്റ് എന്നത്, കുടുംബശ്രീ അയൽക്കൂട്ടം, സംരംഭ യൂണിറ്റ്, ജെഎൽജി എന്നിവയാണ്. ഇതിൽ അയൽക്കൂട്ടം എന്നത് കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ അടിസ്ഥാന ഘടകമാണ്. |

അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ നിലവിലുണ്ട്.

- ഒരു പ്രദേശത്തെ അടുത്തടുത്ത കുടുംബങ്ങളിൽ നിന്നും 18 വയസ്സ് പൂർത്തിയായ 10 മുതൽ 20 വരെ അംഗങ്ങൾ ചേർന്ന് അയൽക്കൂട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്.
- ഒരു കുടുംബത്തെ പ്രതിനിധീകരിച്ച് ആ കുടുംബത്തിലെ ഒരു വനിതാ അംഗത്തിനാണ് അയൽക്കൂട്ടത്തിൽ അംഗത്വം നൽകുന്നത്.
- ഇപ്രകാരം രൂപീകരിക്കുന്ന അയൽക്കൂട്ടങ്ങൾ എഡിഎസ് മുഖേന സിഡിഎസ്സിൽ രജിസ്ട്രേഷൻ നടത്തി അഫിലിയേറ്റ് ചെയ്തിരിക്കണം.

ഇപ്രകാരം രൂപീകരിക്കുന്ന അയൽക്കൂട്ടങ്ങൾ ചേർന്ന് ഒരു വാർഡിൽ ഒരു എഡിഎസ് രൂപീകരിക്കുന്നതും വാർഡുകൾ സംയോജിപ്പിച്ചുകൊണ്ട് തദ്ദേശ ഭരണ തലത്തിൽ സിഡിഎസ് രൂപീകരിക്കുന്നതുമാണ്.

ഒരു അയൽക്കൂട്ടത്തിൽ നിന്നോ ഒന്നിലധികം അയൽക്കൂട്ടങ്ങളിൽ നിന്നോ ഉള്ള അംഗങ്ങൾ ചേർന്ന് രൂപീകരിക്കുന്ന പ്രത്യേക ഗ്രൂപ്പുകളാണ് കുടുംബശ്രീ സംരംഭ യൂണിറ്റുകളും ജെഎൽജികളും.

കൂടാതെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാരാപ്ലീജിയ രോഗികൾ, എച്ച്.ഐ.വി എയ്ഡ്സ് ബാധിതർ എന്നിവർക്കായുള്ള പ്രത്യേക അയൽക്കൂട്ടങ്ങളിൽ സിഡിഎസ് തലത്തിൽ വിരലിലെണ്ണാവുന്ന ജനസംഖ്യയുള്ളവരും ആവാസം അകലെ വിന്യസിക്കപ്പെടുന്ന രീതിയിലുള്ളവരും ആകുന്ന പക്ഷം 10 ൽ കുറവ് അംഗങ്ങളുണ്ടെങ്കിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് പ്രസ്തുത അയൽക്കൂട്ടം രൂപീകരിക്കുന്നതിന് കുടുംബശ്രീ ബൈലോയിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഈ മാനദണ്ഡങ്ങൾ മാറ്റാൻ തീരുമാനിച്ചിട്ടു ണ്ടോ; എങ്കിൽ എന്തെല്ലാമാണ് പുതിയ മാനദണ്ഡങ്ങൾ എന്നറിയിക്കുമോ; | (ബി) | കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിക്കുന്നതു സംബന്ധിച്ച മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടില്ല.<br>എന്നാൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാരാപ്ലീജിയ രോഗികൾ, എച്ച്.ഐ.വി എയ്ഡ്സ് ബാധിതർ എന്നിവർക്കായുള്ള പ്രത്യേക അയൽക്കൂട്ടങ്ങളിൽ മാത്രം 10-ൽ കുറവ് അംഗങ്ങളുണ്ടെങ്കിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് പ്രസ്തുത അയൽക്കൂട്ടം രൂപീകരിക്കുന്നതിന് കുടുംബശ്രീ ബൈലോയിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | കുടുംബശ്രീ മുഖേന എത്രരൂപ യുടെ ബാങ്ക് വായ്പകൾ ആണ് ലഭിക്കുന്നത്; ഇതിന് എന്തെല്ലാ മാണ് വ്യവസ്ഥകൾ എന്നറി യിക്കുമോ; | (സി) | രൂപീകരണശേഷം ആറുമാസം കഴിഞ്ഞ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കാണ് ബാങ്ക് ലിങ്കേജ് വായ്പ ലഭ്യമാകുന്നത്. ഇപ്രകാരം ബാങ്ക് വായ്പ ലഭ്യമാകുന്നതിന് ബാങ്കുകൾ നടത്തുന്ന ഗ്രേഡിംഗിൽ 80% മാർക്ക് വാങ്ങി അയൽക്കൂട്ടം ഗ്രേഡിംഗ് പാസാകണം. ഗ്രേഡിംഗ് പാസാകുന്ന അയൽക്കൂട്ടങ്ങൾക്ക് അവരുടെ ആകെ സമ്പാദ്യത്തിന്റെ നാലിരട്ടിവരെ ബാങ്ക് വായ്പ ലഭ്യമാകും. ആയതിനാൽ, ബാങ്ക് വായ്പയ്ക്ക് പ്രത്യേക പരിധി നിശ്ചയിച്ചിട്ടില്ല.<br>കുടുംബശ്രീയുടെ തന്നെ അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തികൊണ്ട് രൂപീകരിക്കുന്ന മൈക്രോ സംരംഭ യൂണിറ്റുകൾക്കും, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും (ജെഎൽജി) ഗ്രൂപ്പുകളുടെ ആവശ്യത്തിന് അനുസരിച്ചും അവർ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലുമാണ് ബാങ്കുകൾ വായ്പ ലഭ്യമാക്കുന്നത്. |
| (ഡി) | ഈ ബാങ്ക് വായ്പാത്തുക വെട്ടി ച്ചുരുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു പ്രകാരം എത്ര രൂപയുടെ വായ്പയാണ് ലഭി ക്കുന്നത് എന്നും എന്തെല്ലാ മാണ് വായ്പാ വ്യവസ്ഥകൾ എന്നും വിശദമാക്കുമോ? | (ഡി) | കുടുംബശ്രീ യൂണിറ്റുകൾക്ക് നിലവിൽ നൽകി വരുന്ന ബാങ്ക് വായ്പ വെട്ടിച്ചുരുക്കുവാൻ തീരുമാനിച്ചിട്ടില്ല. |

Josephilx

സെക്ഷൻ ഓഫീസർ